**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2982** **07-10-2025 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിൽ വനം വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിൽ 2016 മുതൽ 2025 വരെ ഏതെല്ലാം പദ്ധതികളാണ് വനം വകുപ്പ് മുഖാന്തരം നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പാറശ്ശാല മണ്ഡലത്തിൽ 2016 മുതൽ 2025 വരെ വനം വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പദ്ധതിയുടെ വിശദ വിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | പാറശ്ശാല മണ്ഡലത്തിൽ 2016 മുതൽ 2025 വരെ വനം വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി ചേർക്കുന്നു. |
| (സി) | അമ്പൂരിയിൽ നിർമ്മാണം പൂർത്തിയാക്കി വരുന്ന കുമ്പിച്ചൽകടവ് പാലത്തിൽ നിന്നും വിനോദ സഞ്ചാരികൾക്കായി ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (സി) | നെയ്യാർ വന്യജീവി സങ്കേതത്തിന്റെ അംഗീകൃത മാനേജ്മെന്റ് പ്ലാനിലധിഷ്ഠിതമായി ഫണ്ട് ലഭ്യതയ്ക്ക് അനുസരിച്ച് വകുപ്പ് തലത്തിൽ ബോട്ടിംഗ് സൗകര്യം നടപ്പിലാക്കുന്നതിനായി പരിഗണിക്കാവുന്നതാണ്. |
| (ഡി) | വനം വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് നെയ്യാർ ഡാമിലേക്ക് പുതിയ ബോട്ട് വാങ്ങുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (ഡി) | നെയ്യാർ-പേപ്പാറ വന വികസന ഏജൻസിയുടെ ഫണ്ടിൽ നിന്നും 22 സീറ്റുള്ള ബോട്ട് വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിക്കുകയാണ്. കൂടാതെ സംസ്ഥാന വന വികസന ഏജൻസിയുടെ ഫണ്ട് ഉപയോഗിച്ച് 18 സീറ്റുള്ള ഒരു ബോട്ട് വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## 2016 മുതൽ 2025 വരെ പാറശ്ശാല മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

| ക്രമ നം. | പദ്ധതി | അനുവദിച്ച തുക | നിർവ്വഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1. | ഇൻഫർമേഷൻ സെന്റർ നവീകരണം - 2023-24, 2024-25 | 579000.00 | നെയ്യാർ-പേപ്പാറ എഫ്.ഡി.എ. | പ്രവർത്തനക്ഷമം |
| 2. | ത്രീഡിതിയേറ്റർ നിർമ്മാണം - 2023-24, 2024-25 | 2717000.00 | നെയ്യാർ-പേപ്പാറ എഫ്.ഡി.എ. | പ്രവർത്തനക്ഷമം |
| 3. | വനശ്രീ ഇക്കോഷോപ്പ് നിർമ്മാണം - 2023-24, 2024-25 | 652000.00 | നെയ്യാർ-പേപ്പാറ എഫ്.ഡി.എ. | പ്രവർത്തനക്ഷമം |
| 4. | കോട്ടൺപുറം (സിറ്റാഡെൽ) നവീകരണം- 2023-24, 2024-25 | 311364.00 | നെയ്യാർ-പേപ്പാറ എഫ്.ഡി.എ. | പ്രവർത്തനക്ഷമം |
| 5. | കഫറ്റീരിയ നിർമ്മാണം - 2023-24, 2024-25 | 2040000.00 | നെയ്യാർ-പേപ്പാറ എഫ്.ഡി.എ. | പ്രവർത്തനക്ഷമം |
| 6. | കൊമ്പൈ (നെസ്റ്റിലേഴ്സ്ഹാർബർ) നവീകരണം - 2023-24, 2024-25 | 1769423.00 | വനം വകുപ്പ് | പ്രവർത്തനക്ഷമം |
| 7. | പ്രകൃതി പഠന ക്യാമ്പ് നവീകരണം - 2020-21 | 667810.00 | വനം വകുപ്പ് | പ്രവർത്തനക്ഷമം |
| 8. | ബോട്ട്ലാന്റിംഗ് നവീകരണം- 2020-21 | 486488.00 | നെയ്യാർ-പേപ്പാറ എഫ്.ഡി.എ. | പ്രവർത്തനക്ഷമം |
| 9. | ഇക്കോടൂറിസം പ്രവേശന കവാടം നിർമ്മാണം- 2023-24 | 241800.00 | നെയ്യാർ-പേപ്പാറ എഫ്.ഡി.എ. | പ്രവർത്തനക്ഷമം |
| 10. | മാൻ പുനരധിവാസകേന്ദ്രത്തിന്റെ ചുറ്റുമതിൽ, പ്രവേശന കവാടം നിർമ്മാണവും- 2024-25 | 615638.00 | നെയ്യാർ-പേപ്പാറ എഫ്.ഡി.എ. | പ്രവർത്തനക്ഷമം |
| 11. | ആനപ്പാറ കമ്മ്യൂണിറ്റി ഹാൾനവീകരണം<br>2017-18<br>2018-19<br>2018-19 | 3163095.00<br>66529.00<br>49095.00 | നെയ്യാർ-പേപ്പാറ എഫ്.ഡി.എ. | പ്രവർത്തനക്ഷമം |
| 12. | സൗരോജ്ജ വേലി നിർമ്മാണം- 2020-21 | 478048/- | വനം വകുപ്പ് | പ്രവർത്തനക്ഷമം |
| 13 | സൗരോർജ്ജ വേലി നവീകരണം- 2020-21 | 154497/- | വനം വകുപ്പ് | പ്രവർത്തനക്ഷമം |
| 14 | സൗരോർജ്ജ വേലി നവീകരണം- 2020-21 | 118291/- | വനം വകുപ്പ് | പ്രവർത്തനക്ഷമം |
| 15 | തൂക്ക്സൗരോർജ്ജ വേലി നിർമ്മാണം- 2023-24 | 600833/- | വനം വകുപ്പ് | പ്രവർത്തനക്ഷമം |
| 16 | സൗരോർജ്ജവേലി നവീകരണം- 2024-25, 2025-26 | 114000 | വനം വകുപ്പ് | പ്രവർത്തനക്ഷമം |
| 17 | സൗരോർജ്ജ വഴിവിളക്ക്- 2024-25, 2025-26 | 112200/- | വനം വകുപ്പ് | പ്രവർത്തനക്ഷമം |

ഓരോ സാമ്പത്തിക വർഷവും മാനേജ്മെന്റ് പ്ലാനിലധിഷ്ഠിതമായി ഇക്കോ-ടൂറിസം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് അംഗീകാരം ലഭിക്കുന്ന എ.പി.ഒ (Annual Plan of Operation) പ്രകാരമാണ് വന സംരക്ഷണ വികസന ഇക്കോ ടൂറിസം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുന്നത്.

ഹരിതകേരള പദ്ധതിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിലെ വിവിധ സ്കൂളുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ ഇടങ്ങിയവയ്ക്ക് ഈ കാലയളവിൽ സൗജന്യമായി വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ടി മണ്ഡലത്തിലെ കിക്മ കോളേജിൽ 2021-22 കാലയളവിൽ സ്ഥാപന വന വത്കരണം നടത്തിയിട്ടുണ്ട്. വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം വരുത്തുന്നതിന്റെ ഭാഗമായി മണ്ഡലത്തിലെ 10 സ്കൂളുകൾ ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. മണ്ഡലത്തിലെ തെരഞ്ഞെടുത്ത ശ്രീ നാഗയക്ഷിയമ്മൻ ക്ഷേത്രം, വെള്ളിയാട്ടുകോണം, ചെങ്കവിള, കൊടുങ്കര ഭഗവതി ദേവസ്വം, കൊല്ലയിൽ, കല്ലിയൂർ ശ്രീ നാഗരമ്മൻ കാവ്, കാരോട്, ചിലയറത്തല ശ്രീ ചാമുണ്ടി ക്ഷേത്രം എന്നീ 4 കാവുകൾക്ക് അവയുടെ സംരക്ഷണാർത്ഥം 76,950/- രൂപ ധനസഹായം നൽകിയിട്ടുണ്ട്.